**പതിമൂന്നാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 272 - 05/03/2012 ൽ മറുപടിക്ക്**

**അൽ ബറക് ഇസ്ലാമിക് ബാങ്കിന്റെ പ്രവർത്തനം**

**ചോദ്യം** | **ഉത്തരം**

**ശ്രീ. എം.പി.അബ്ദുസ്സമദ് സമദാനി**

**,, എൻ.എ. നെല്ലിക്കുന്ന്**

**,, മഞ്ഞളാംകുഴി അലി**

**,, റ്റി. എ. അഹമ്മദ് കബീർ**

**ശ്രീ. കെ.എം. മാണി**

(ധനകാര്യവും നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് ആരംഭിച്ച അൽബറക് ഇസ്ലാമിക് ബാങ്കിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ; | സംസ്ഥാനത്ത് ആരംഭിച്ച അൽബറാക് ഫിനാൻഷ്യൽ സർവീസസ് എന്ന കമ്പനിയുടെ പ്രവർത്തന പുരോഗതി സർക്കാർ യഥാസമയം വിലയിരുത്തിയിട്ടുണ്ട്. സർക്കാർ പ്രതിനിധിയായി ഒരു ഉദ്യോഗസ്ഥനെ പ്രസ്തുത കമ്പനിയുടെ മാനേജിംഗ് ഡയറക്ടറായി നിയമിച്ചിട്ടുണ്ട്. കമ്പനി വ്യത്യസ്ത മേഖലകളിൽ ബിസിനസ്സ് ആരംഭിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ സജീവമായി നടത്തുന്നുണ്ട്. 250 കോടി രൂപയുടെ ഒരു വെഞ്ച്വർ ക്യാപിറ്റൽ തുടങ്ങുന്നതിനുള്ള അപേക്ഷ SEBI യിൽ സമർപ്പിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യ മേഖലയുടെ വികസനത്തിനായി ഒരു ഉപ കമ്പനി ആരംഭിക്കുന്നതും സജീവ പരിഗണനയിലാണ്. |

| | |
|---|---|
| ബി) ഈ ബാങ്കിന്റെ ഇടപാടുകൾ പലിശരഹിതമാണെന്ന് ഉറപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; | അൽബറാക് ഫിനാൻഷ്യൽ സർവീസസ് എന്ന കമ്പനി പലിശ രഹിതമായ ഇടപാടുകളിലൂടെ ബിസിനസ്സ് നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. സ്ഥാപനത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ വ്യക്തമായി നടപ്പാക്കുന്നതിനാണ് സർക്കാരിന്റെ പ്രതിനിധിയായി ഒരു ഉദ്യോഗസ്ഥനെ മാനേജിങ്ങ് ഡയറക്ടറായി നിയമിച്ചിരിക്കുന്നത്. |
| സി) ബാങ്കിന്റെ പ്രവർത്തനം ത്വരിതപ്പെടുത്താനും സംസ്ഥാനത്തിന്റെ വികസന പ്രവർത്തനത്തിന് കൂടുതൽ പ്രയോജനപ്പെടുത്താനും നടപടി സ്വീകരിക്കുമോ? | അൽബറാക് ഫിനാൻഷ്യൽ സർവീസസ് എന്ന കമ്പനിയുടെ പ്രവർത്തനം ദ്രുതഗതിയിലാക്കുവാനും സംസ്ഥാനത്തിന്റെ വിവിധ വികസന പ്രവർത്തനങ്ങളിൽ പങ്കാളിയാക്കുവാനും അതുവഴി സംസ്ഥാനത്തിന്റെ മൊത്തം പുരോഗതിയ്ക്ക് ഉതകുന്ന പദ്ധതികളാണ് കമ്പനി വിഭാവനം ചെയ്ത് നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നത്. |

അക്കൗണ്ട്സ് ഓഫീസർ